II ഇ.ബി. XV-കേരള നിയമസഭ/II-3

## പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ജൂലൈ 26, തിങ്കൾ

നിയമസഭ രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

6 (* 61 & *79) <u>റോഡുകളുടെ സമയബന്ധിതമായ പുനരുദ്ധാരണം</u>

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് അമിത മഴയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറ്റകുറ്റപ്പണികൾക്കായി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നിരത്തുപരിപാലന വിഭാഗം രൂപീകരിച്ചിട്ടുണ്ടെന്നും വകുപ്പിനു കീഴിലുള്ള റോഡുകളുടെ കേടുപാടുകൾ സംബന്ധിച്ച പരാതി അറിയിക്കുന്നതിനും അവ പരിഹരിക്കുന്നതിനും വേണ്ടി PWD 4 U Mobile Application രൂപീകരിച്ചിട്ടുണ്ടെന്നും എല്ലാ റോഡുകളുടെയും മാപ്പ് ഡിജിറ്റൈസ് ചെയ്ത്

ഉൾക്കൊള്ളിക്കുന്നതാണെന്നും സഭയെ അറിയിച്ചു. നിരത്തു വിഭാഗത്തിൽ നിന്നും ഡിഫക്റ്റ് ലയബിലിറ്റി പീരീഡ് (ഡി.എൽ.പി) കഴിഞ്ഞ് കൈമാറിക്കിട്ടുന്ന റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട് വഴി അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ദേശീയപാതാ അതോറിറ്റിയുടെ കീഴിൽവരുന്ന 1233.50 കി.മീ. റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്ന കാര്യം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിക്കുന്നതുമൂലം റോഡുകൾ തകരുന്നത് ഒഴിവാക്കുന്നതിന് പൊതുമരാമത്ത്, വൈദ്യുതി, ജലസേചനം എന്നീ വകുപ്പുകളുമായി യോജിച്ച് നടപടി സ്വീകരിക്കുന്നതാണ്. റോഡ് വീതികൂട്ടുന്നതിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റാൻ കാലതാമസമുണ്ടാകുന്നത് പരിഹരിക്കുന്നതിനും വർഷങ്ങളായി റോഡുകളുടെ വശങ്ങളിൽ പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യുന്നതിനും ഡ്രെയിനേജ് സംവിധാനം ഇല്ലാത്ത റോഡുകളിൽ അവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഭൂമി ഏറ്റെടുത്തുകൊടുക്കുന്നതിലെ കാലതാമസംമൂലം എസ്റ്റിമേറ്റ് പുതുക്കേണ്ടിവരുന്നതും കരാറുകാരുടെ പ്രവൃത്തികൾ അനന്തമായി നീട്ടിക്കൊണ്ടുപോകുന്നതും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

കിഫ്ബി ഏറ്റെടുത്ത പ്രവൃത്തികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്. ആലപ്പുഴ ജില്ലാ കോടതി പാലം, പുന്നമട-നെഹ്റു പാലം എന്നിവയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്. വടക്കാഞ്ചേരി-മണ്ണുത്തി ദേശീയപാതയിലെ കുതിരാനിൽ ഒരു ടണൽ ആഗസ്റ്റ് മാസത്തിൽ തുറന്നുകൊടുക്കുന്നതിന് സജീവ ഇടപെടൽ നടത്തിവരികയാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

7 (*62, *70, *71, *72 & *90) <u>പട്ടയ ഭൂമിയിലെ മരംമുറി</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, 1964-ലെ കേരള ഭൂപതിവ് ചട്ടപ്രകാരം പതിച്ചു കൊടുത്ത ഭൂമിയിലെ കർഷകർ നട്ടുവളർത്തിയതും കിളിർത്തുവരുന്നതുമായ ചന്ദനം ഒഴികെയുള്ള വൃക്ഷങ്ങൾ മുറിക്കുന്നതിന് അനുവദിച്ചുകൊണ്ട് 24.10.2020-ൽ ഇറക്കിയ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് തെറ്റായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മരം മുറിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി റവന്യൂ വകുപ്പ് 11.03.2020-ൽ പുറപ്പെടുവിച്ച സർക്കുലർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. മരം മുറി

സംബന്ധിച്ച് എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തിവരുന്നുണ്ടെന്നും ട്രീ രജിസ്റ്റർ ഉൾപ്പെടെ പരിശോധിച്ച് വെസ്റ്റ് ചെയ്യപ്പെട്ട മരങ്ങൾ മുറിച്ചതായി ബോദ്ധ്യപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. റവന്യൂ വകുപ്പിൽ മൂന്നുവർഷം സർവ്വീസ് പൂർത്തിയാക്കിയ സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയ കൂട്ടത്തിൽ ഈ വിഷയം സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്തിരുന്ന ചില ഉദ്യോഗസ്ഥരും ഉൾപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ വ്യക്തിയുടെ ഗുഡ് സർവ്വീസ് എൻട്രി റദ്ദാക്കിയതുസംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അന്വേഷണറിപ്പോർട്ട് ലഭിച്ചശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്. മരം മുറിയുമായി ബന്ധപ്പെട്ട് സർക്കാരിന് ഒരു രൂപ പോലും നഷ്ടം വരാത്ത രീതിയിലുള്ള അന്വേഷണവുമായി മുന്നോട്ടുപോകുമെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.